PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

Thursday, the 29th January, 1970

Vol. XXVI] OFFICIAL REPORT [No. 13

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, the 29th January, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session).

ORAL ANSWERS

ഗവൺമെൻറ് ആയുർവ്വേദ ആശുപത്രികൾ

* 103. [392] ശ്രീ. എൻ. വാസുദേവൻപിള്ള :
,, ഇ. പി. കൃഷ്ണൻനമ്പ്യാർ :
,, എസ്. ദാമോദരൻ :
,, മുസ്തഫാകെമാൽ :
,, ആർ. കൃഷ്ണൻ (പാലക്കാട്) :
,, ടി. കെ. രാമകൃഷ്ണൻ :
,, വി. എസ്. അച്യുതാനന്ദൻ:
,, സി. ബി. ചന്ദ്രശേഖരവാര്യർ :
,, ഇ. ബാലാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഗവൺമെൻറ് ആയുർവ്വേദ ആശുപത്രികളാ നിലവിലുണ്ട്;

(ബി) ഇവയുടെ പ്രവർത്തനപുരോഗതി എങ്ങു നിലയിലിരിക്കുന്നു;

(സി) തൃശ്ശൂർ രാമവർമ്മപുരം ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനത്തിലുള്ള പിന്നോക്കാവസ്ഥയ്ക്കു കാരണമെന്ത് ;

(ഡി) രോഗികളോട് പെരുമാറ്റത്തിലുള്ള വൈകല്യവും, മരുന്നിൻെറ ചോർച്ചനിമിത്തവും രോഗികൾ പ്രസ്തുത ആശുപത്രിയിൽ പോകാൻ മടിക്കുന്ന പരിതഃസ്ഥിതി കണക്കിലെടുത്ത് ഒരന്വേഷണം നടത്തി കുറ്റക്കാരുടെമേൽ അടിയന്തിരനടപടികൾ സ്വീകരിക്കുമോ ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്) :

(എ) സംസ്ഥാനത്ത് മൊത്തം 42 ആയുർവ്വേദ ആശുപത്രികളും നിലവിലുണ്ട്.

(ബി) അവയുടെ പ്രവർത്തനം വർഷംതോറും കൂടുതൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

(സി) തൃശ്ശൂർ രാമവർമ്മപുരം ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമായ നിലയിൽ നടന്നുവരുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ : കേരളത്തിലെ അലോപ്പതി ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഒന്നാം സ്ഥാനവും ആയുർവ്വേദ ആശുപത്രികൾക്ക് രണ്ടാം സ്ഥാനവും ആണ് ഉള്ളതെന്ന പരാതി ഉണ്ടെന്നു മനസ്സിലാക്കുന്നതു ശരിയാണോ ? ആയുർവ്വേദ ആശുപത്രികൾക്ക് സാധാരണ രീതിയിലുള്ള അംഗീകാരം കൊടുത്തുകൊണ്ടു പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. ജോർജ്ജ് : സർ; ചില ആളുകൾ മനസ്സിലാക്കുന്നതു പലതും തെറ്റാണെന്നുള്ളതുപോലെ ഇതും തെറ്റാണ്. രണ്ടാംതരമെന്നും ഒന്നാംതരമെന്നും വ്യത്യാസമില്ല. ആയുർവ്വേദ ആശുപത്രികളെ കൂടുതൽ ബഹുമാനത്തോടെ വീക്ഷിക്കുന്നവരും അലോപ്പതിയെ കൂടുതൽ ബഹുമാനത്തോടെ വീക്ഷിക്കുന്നവരും ഉണ്ട്. ഗവൺമെൻറിനെ സംബന്ധിച്ച് സമഭാവനയോടെയാണ് കാണുന്നത്.

ശ്രീ. മുസ്തഫാകെമാൽ : വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തെ പരിഗണിച്ച് കാഞ്ഞിരപ്പള്ളിയിൽ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. ജോർജ്ജ് : ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ചില നിബന്ധനകൾ ഉണ്ട്. അതേ അടിസ്ഥാനത്തിലാണ് ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്തുകയെന്നുള്ളത്. ആ നിലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ആശുപത്രിയില്ലെങ്കിൽ അവിടത്തെ ഡിസ്പെൻസറി സൗകര്യമുള്ള സ്ഥലത്ത് നിബന്ധനകൾക്കു വിധേയമായി ഉയർത്തുന്നകാര്യം പരിഗണിക്കാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : സർ, തൃശ്ശൂർ രാമവർമ്മപുരം ഗവൺമെൻറ് ആശുപത്രിയിൽ ജോലിചെയ്യുന്ന ഒരു നേഴ്സ് അവിടത്തെ ഡോക്ടർ മുതൽ വാർഡർ വരെയുള്ള കാര്യങ്ങളിൽ കൈകടത്തുന്നതുകൊണ്ട്, 'അവളെ പേടിച്ചാരും ആ വഴിനടക്കാറില്ലെന്ന'തുപോലെ ആ ആശുപത്രിയിൽ രോഗികളാരും പോകാത്തതിനെ പരിഗണിച്ച് പ്രസ്തുത നേഴ്സിനു ഒരു മാസത്തേയ്ക്കു സ്ഥലംമാറ്റംകൊടുത്തിട്ട് വീണ്ടും അവിടെ നിയമിച്ചു. അവരെ അവിടെനിന്നും മാറ്റാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എം. ജോർജ്ജ് : തൃശ്ശൂർ രാമവർമ്മപുരം ആശുപത്രിയിൽ അങ്ങനെ ഒരു നേഴ്സ് ഇല്ല. തൃശ്ശൂരിൽ വില്ലടം ആയുർവ്വേദ ആശുപത്രിയിൽ ഉള്ള ഒരു നഴ്സിനെപ്പറ്റി ഇങ്ങനെയൊരു പരാതി ഉണ്ടായിട്ടുള്ളതു ശരിയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രവർത്തനം പുരോഗമിച്ചുവരുന്നു എന്നു പറഞ്ഞു. രോഗികൾ കൂടിവരുന്നു എന്ന സംഗതിയും ശരിയാണ്. ഇതനുസരിച്ച് കൂടുതൽ മരുന്നുകൊടുക്കുന്നതിനുള്ള ഏർപ്പാടുകളും

LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദ ചികിൽസാവിധിപ്രകാരമുള്ള പിഴിച്ചിൽ, മർമ്മചികിൽസ, പഞ്ച കർമ്മ ചികിൽസ, ധാര തുടങ്ങിയ സൗകര്യങ്ങളും തൃപ്പൂണിത്തുറ ആശുപത്രി യിൽ ഇല്ലെന്നുള്ള വിവരം ഗവൺമെൻറിനു് അറിയാമോ? ഈ കുറവു് പരിഹ രിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. ജോർജു് : എല്ലാ താലൂക്കു് ഹെഡ്കാർട്ടേഴ്സു് ആയുർവ്വേദ ആശുപത്രികളിലും, പിഴിച്ചിൽ, വസ്തി; ധാര, ഞവരകിഴി മുതലായ ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്താൻ പ്രയാസം ഉണ്ടു്. തിരുവന ന്തപുരം ആയുർവ്വേദകോളേജിനോടു് അനുബന്ധിച്ചുള്ള ആശുപത്രിയിലും പ്രധാനപ്പെട്ട ആശുപത്രികളിലുമല്ലാതെ എല്ലാ സ്ഥലത്തും ഇവ ഏർപ്പെടു ത്തുന്നതിനു് ചെലവും പ്രയാസവും ഉള്ളതുകൊണ്ടു് എല്ലാ സ്ഥലത്തും ഏർ പ്പെടുത്തുവാൻ നിവൃത്തിയില്ല. രോഗികൾ വർദ്ധിച്ചുവരുന്നതനുസരിച്ചു് മരുന്നും വർദ്ധിച്ചിട്ടുണ്ടു്. എല്ലാ അവസരങ്ങളിലും തൃപ്തികരമായി കിട്ടു കയാണെന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ബാലാനന്ദൻ : ആയുർവ്വേദ ആശുപത്രികളിൽ മരുന്നില്ലായ്മ സ്ഥിരം സാഹചര്യമായിത്തീർന്നിട്ടുണ്ടു്. വിശേഷിച്ചും ആലുവാ, പറവൂർ തുടങ്ങിയ ആശുപത്രികളിൽ മരുന്നു ലഭിക്കാതെ രോഗികൾ വിഷമിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെൻറു് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എം. ജോർജു് : യാതൊരു മരുന്നും ലഭിക്കുന്നില്ല എന്നു പറയുന്നതു് കുറച്ചു് അനീതിയാണു്. വിവിധ വിഭാഗങ്ങളിൽ 'ബാല' ചികിൽസയും വൃദ്ധചികിൽസയും കുറവായിരിക്കാം. പൊതുവെ ആയുർ വ്വേദ ആശുപത്രികളിൽ മരുന്നു് ഉണ്ടു്. അലോപ്പതിയെ എതിർക്കുമ്പോൾ ആയുർവ്വേദ ആശുപത്രിയിൽ മരുന്നുണ്ടെന്നും ആയുർവ്വേദത്തെ എതിർക്കു മ്പോൾ അലോപ്പതിയിൽ ഉണ്ടെന്നും ആണു് പറയാറുള്ളതു്. ചില അവസരങ്ങ ളിൽ ഇല്ലായ്മ ഉണ്ടു്. പൊതുവെ ആയുർവ്വേദാശുപത്രികളിൽ മരുന്നു് ഉണ്ടു്.

ശ്രീ. എൻ. വാസുദേവൻപിള്ള : ആയുർവ്വേദാശുപത്രികളിൽ വേണ്ടത്ര മരുന്നു് ഉൽപ്പാദിപ്പിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവൺമെൻറിൽ ഉണ്ടോ? അങ്ങനെ വല്ല പദ്ധതിയുമുണ്ടെങ്കിൽ അതു എത്രകണ്ടു് പുരോഗമി ച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജു് : ഇങ്ങനെയുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന തിനു് ഗവൺമെൻറിനു് പദ്ധതികൾ ഉണ്ടു്. ചില മരുന്നുകൾ നട്ടുവളർത്തു വാൻ സഹകാര്യ എജൻസികൾ മുന്നോട്ടുവന്നിട്ടുണ്ടു്. കൂടുതലായിട്ടു് മരുന്നുകൾ സഹ്യാദ്രിസാനുക്കളിലാണു് വളർത്തുന്നതു്. അതുപോലെയുള്ള സ്ഥലങ്ങ ളിൽ വളർത്തുന്നതിനു് ഗവൺമെൻറിനു് ഒരു പദ്ധതിയുണ്ടു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഈ വർഷം പുതിയ ആയുർവ്വേദ ആശുപത്രികൾ തുറക്കുവാൻ ഗവൺമെൻറു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജു് : ഇപ്പോൾ മലബാറിൽത്തന്നെ 37 ആശുപത്രി കൾ ഏറ്റെടുത്തിട്ടുണ്ടു്. ഒരു ഡിസ്പെൻസറി എന്നുള്ള നിലയ്ക്കു ഏറ്റെടുത്തു് തീർച്ചയായും ആശുപത്രികൾ അനുവദിക്കാൻ സാധി ക്കുമോ എന്നു പറയാൻ സാധ്യമല്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : മലബാറിൽ 37 ആയുർവ്വേദ ഡിസ്പെൻസറികൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചതനുസരിച്ചു് ഗവൺമെൻറു് ഉത്തരവു് ഉണ്ടായിട്ടും ആയുർവ്വേദ ഡയറക്ടർ വൈദ്യൻമാർക്കു് നിയമന ഉത്തരവു കൊടുക്കാതിരിക്കുന്നതുകൊണ്ടു് അടിയന്തിരമായി വൈദ്യൻമാർക്കു് നിയമന ഉത്തരവു കൊടുക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ് : സപ്ലിമെന്ററി ഗ്രാന്റ് സഭ അംഗീകരിച്ചു കഴിഞ്ഞേയുള്ളു. യാതൊരു കാരണവശാലും ദീർഘിപ്പിക്കാതെ എന്തെങ്കിലും ഉത്തരവുണ്ടാകും.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മലബാർ പ്രദേശത്ത് 37 ആയുർവേദ ഡിസ്പെൻസറികളും ഏറ്റെടുത്തുവെന്നു പറഞ്ഞു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള ഗ്രാന്റഡ്—ഇൻ—എയിഡ് വൈദ്യന്മാർ നടത്തിയിരുന്നതല്ലെ ഗവൺമെന്റ് ആശുപത്രികളാക്കിയത്?

ശ്രീ. കെ. എം. ജോർജ്: ഗവൺമെന്റിന്റെ കീഴിൽ ഇല്ലായിരുന്നത് ഗവൺമെന്റിന്റെ കീഴിലാക്കുകയാണ് ചെയ്തത്. ഗവൺമെന്റു ഏറ്റെടുത്ത ഡിസ്പെൻസറികളും ആശുപത്രികളാക്കിയെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. അഹമ്മദ്: കണ്ണൂർ ജില്ലാ തലസ്ഥാനത്തിലുള്ള ആയുർവേദ ആശുപത്രി യാതൊരു വികസനവുമില്ലാതെ ശുഷ്ക്കിച്ച് മോശമായി വരുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വേണ്ട ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. കെ. എം. ജോർജ്: ജില്ലാ ആസ്ഥാനങ്ങളിലുള്ള ആശുപത്രികൾക്ക് കൂടുതൽ കിടക്കകൾ അനുവദിക്കുകയും വിവിധ ആയുർവേദ ചികിൽസകൾ ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ആയുർവേദ ചികിൽസാരീതിയിൽ വേണ്ടത്ര പ്രയോജനം നൽകുന്നതിനുവേണ്ടി ആയുർവേദത്തെ സംബന്ധിച്ച് ഗവേഷണം ഡിസ്ട്രിക്ട് ലെവലിൽ ആക്കാൻ സാധ്യതയുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഡിസ്ട്രിക്ടിൽ ലെവലിൽ ആണ് ഗവേഷണം നടത്തുവാൻ ശ്രമിക്കുക. ഗവേഷണകുതുകികൾ മുന്നോട്ടു വരികയാണെങ്കിൽ ഗവേഷണത്തെ പ്രോൽസാഹിപ്പിക്കാൻ എല്ലാ തരത്തിലും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മലബാർ പ്രദേശത്ത് 37 ആശുപത്രികൾ ഏറ്റെടുത്തുവെന്നു പറഞ്ഞു. അവിടെ ആവശ്യമുള്ള മരുന്നു ഉടനടി എത്തിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: ആ ഡിസ്പെൻസറികളിൽ കഴിയുന്നതും വേഗം മരുന്ന് എത്തിക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ (ആരോഗ്യമന്ത്രി): ഡിസ്പെൻസറികളിൽ രോഗികളുടെ എണ്ണം പരിഗണിച്ച് ഫാർമസിസ്റ്റുകളെ ഡെപ്യൂട്ടു ചെയ്തിരുന്നത് ക്യാൻസൽ ചെയ്തതിനാൽ ഇപ്പോഴും എല്ലാ ഡിസ്പെൻസറികളിലും ബുദ്ധിമുട്ടുകൾ ഉളവാകുന്നതുകൊണ്ട്, ഡെപ്യൂട്ടേഷൻ ക്യാൻസൽ ചെയ്തു പുനഃപരിശോധിക്കുകയും എല്ലാ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റുകളെ ഡെപ്യൂട്ടു ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. എം. ജോർജ്: ക്യാൻസൽ ചെയ്തതിനെപ്പറ്റി എന്തു നടപടിയെടുത്താലും, ചിലയിടങ്ങളിൽ ഫാർമസിസ്റ്റുകളില്ലാതിരുന്നയിടങ്ങളിൽ, പബ്ലിക് സർവീസ് കമ്മീഷന്റെ സെലക്ഷൻ കഴിഞ്ഞ ലിസ്റ്റനുസരിച്ച് നിയമനം നടത്തുന്നതിനാരംഭിച്ചിരിക്കുകയാണ്; എല്ലായിടത്തും താമസിയാതെ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 40 ഡിസ്പെൻസറികളിൽ 37

LIBRARY ARCHIVES Kerala Legislative Assembly

എണ്ണം ഏറെറടുത്തിട്ട് 3 എണ്ണം ഏറെറടുക്കാത്തത് 3 വൈദ്യൻമാർ പെൻഷൻ പററിയിട്ട് വൈദ്യൻമാർ ഇല്ലാത്തതുകൊണ്ടാണോ?

ശ്രീ. കെ. എം. ജോർജ്: പറമ്പിത്താ മാസ്റ്ററർ ഒരു തെററിദ്ധാരണയുടെ ഫലമായിട്ടാണ് പായുന്നതെന്നാണ് ഞാൻ വിചാരിക്കുന്നത്. സപ്ളിമെൻററി ഡിമാൻറിനെപ്പററിയുള്ള ചർച്ചാവേളയിലും ഇതു പറയുന്നതു കേട്ടു; അപ്പോഴും ആ ഡിമാൻഡ് മൂവുചെയ്തിട്ടില്ലായിരുന്നതുകൊണ്ട് അങ്ങ് അനുവദിക്കുകയില്ലെന്നു കരുതി പായാതിരുന്നതാണ്. മൂന്നു വൈദ്യൻമാർ സൂപ്പർ ആനുവേറാഡ്ആയി. അവരുടെ ശമ്പളത്തിനു ഇപ്പോഴത്തെ ഡിമാൻഡിൽ വക കൊള്ളിച്ചിട്ടില്ല. മൂന്നു വൈദ്യൻമാർ രംഗത്തു വന്നിട്ടില്ലെന്നല്ലാതെ, ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനു കുഴപ്പമൊന്നുമില്ല.

ശ്രീ. പി. കുഞ്ഞൻ: കാലടി ശങ്കരാ ആയുർവേദ ഡിസ്പെൻസറിയിൽ യാതൊരു മരുന്നും കിട്ടുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഗംഗാധരൻ: തൃശ്ശൂർ രാമവർമ്മ ആയുർവേദ ആശുപത്രി കൊച്ചി സംസ്ഥാനത്തായിരുന്നകാലത്ത് നല്ല ആശുപത്രിയായിരുന്നു. സംസ്ഥാനപുന:സംഘടന കഴിഞ്ഞശേഷം ആ ആശുപത്രിയുടെ നേരെ അവഗണന കാണിക്കുന്നുവെന്ന ആക്ഷേപമുണ്ട്. അതു പരിശോധിക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: തലസ്ഥാനം തിരുവനന്തപുരമായതുകൊണ്ട് അങ്ങനെയൊരു ചിന്താഗതിയുണ്ടെങ്കിൽ അത് ആയുർവേദ ആശുപത്രികളെ സംബന്ധിച്ചിടത്തോളം ശരിയല്ല.

ശ്രീ. കെ. ഐ. രാജൻ: സഹ്യാദ്രിയുടെ നിരകളിൽ മരുന്നു വച്ചുപിടിപ്പിക്കുന്നതിനു സാധിക്കുമെന്നുപറഞ്ഞു. അതുകൊണ്ട് സഹ്യാദ്രിസാനുക്കളിൽ ഉള്ള പീരുമേട്ടിൽ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുമോ?

ശ്രീ. കെ. എം. ജോർജ്: മരുന്നു വച്ചുപിടിപ്പിക്കാൻ സൗകര്യമുള്ള സ്ഥലത്ത് ആശുപത്രി സ്ഥാപിക്കുകയെന്നുപറഞ്ഞാൽ ശരിയായിരിക്കുകയില്ല. മരുന്ന് എങ്ങനെ ഉണ്ടാക്കും? പർവ്വത സാനുക്കളിലുണ്ടാകുന്ന മരുന്നുകളെപ്പററിയും ഋഷീശ്വരൻമാരെപ്പററിയും ഒക്കെ കേട്ടിട്ടുണ്ട്. ഏഴിമല, മരുതാമല മുതലായ പർവ്വതപ്രദേശങ്ങളിലുണ്ടാകുന്ന മരുന്നുകൾ നഷ്ടപ്പെടാതെ നമ്മുടെ ആവശ്യങ്ങൾക്കുതകുന്ന രീതിയിൽ മരുന്നകളുണ്ടാക്കുന്ന കാര്യം ഗവൺമെൻറു പ്രദ്ധിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. ഐ. രാജൻ: സർ, ഒരു സബ്മിഷൻ, സഹ്യാദ്രിപ്രദേശങ്ങൾക്കു മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ആർഡർ, ആർഡർ. അതു പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീ. എ. വി. കുഞ്ഞാമ്പു: പയ്യന്നൂർ താലൂക്കാശുപത്രിക്ക് വേണ്ട സ്ഥലം നാട്ടുകാർ ഗവൺമെൻറിനു സംഭാവന ചെയ്തിട്ടും അത് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകാണാത്തത് എന്തുകൊണ്ടാണ്, ഇക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുന്നതിനു സ്ഥലവും കെട്ടിടവും കിട്ടിയിട്ടുണ്ട്. ആ സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു പ്രത്യേക പരിഗണന നൽകുന്നുണ്ട്. കുഞ്ഞാമ്പുമാസ്റ്ററും മറ്റും ബാക്കി കാര്യങ്ങൾക്കുകൂടി മുൻകൈയെടുക്കുമെങ്കിൽ ഗവൺമെൻറ് എത്രയും വേഗം നടപടിയെടുക്കുന്നതാണ്.

ശ്രീ. എം. എം. തോമസ്: ഇല്ലിക്കര മലയിൽ നീലക്കൊടുവേലി ഉണ്ടെന്നു കേട്ടിട്ടുണ്ട്; അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി കേട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇലവീഴാപ്പുഞ്ചിറയെപ്പറ്റിയും നീലക്കൊടുവേലിയെപ്പറ്റിയും കേട്ടിട്ടുണ്ട്, വാസ്തവം എന്താണെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ബി. മാധവൻനായർ: വളളക്കടവിലെ സിദ്ധവൈദ്യ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനും മദ്രാസ് ഗവൺമെൻറ് ചെയ്യുന്നതു പോലെ സിദ്ധവൈദ്യൻമാർക്ക് പരിശീലനം നൽകുന്നതിനും നടപടി നടത്തുമോ, ഇങ്ങനെയൊരു ചികിൽസാസംപ്രദായം ആയുർവേദ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പുരോഗമിപ്പിക്കുന്ന കാര്യം ശ്രദ്ധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: സിദ്ധവൈദ്യൻമാരെക്കുറിച്ചും സിദ്ധവൈദ്യശാലയെക്കുറിച്ചും ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ട്. ഗവൺമെൻറ് കഴിവുള്ള തരത്തിൽ ഉടനടിയല്ലെങ്കിലും പടിപടിയായി വേണ്ട നടപടികളും സ്വീകരിക്കാം.

ശ്രീ. സി. കണ്ണൻ: ആയുർവേദ ആശുപത്രികളിലുണ്ടായിരുന്ന വിഷവൈദ്യൻമാരെ പല ആശുപത്രികളിൽനിന്നും നീക്കിയിട്ടുണ്ട്. ഇങ്ങനെ ചെയ്യാൻ കാരണമെന്താണ്? ഇത്തരം ആശുപത്രികളിൽ വിഷ വൈദ്യൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: വിഷവൈദ്യൻമാരുണ്ടായിരുന്നു. നിറുത്തലാക്കിയവിവരം അറിഞ്ഞുകൂടാ. നോട്ടീസില്ലാതെ അതിനെപ്പറ്റി കൃത്യമായ വിവരം പറയാൻ നിവൃത്തിയില്ല. ആവശ്യമുള്ള സ്ഥലങ്ങളിൽ അർഹതയനുസരിച്ചു വിഷവൈദ്യൻമാരെ നിയമിക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്യാം.

Allotment of Cars

*109 [393] **Dr. K. George Thomas**: Will the Minister for Industries and Labour be pleased to state:

(a) whether Government have issued any specific direction prohibiting an order for car once booked for taxi trade from being converted for personal purposes, if so reqested, before the car is allotted;

(b) whether it has come to the notice of the Government that no uniform principle is being followed by the State Controller of Motor Cars in sanctioning such applications for conversion and if so, whether anything has been done in this direction;

(c) whether Government will be pleased to instruct the State Controller to allot cars strictly in accordance with the priority in booking?

Minister for Industries and Labour (**Shri P. Ravindran**):

(a) No.

(b) No.

(c) Government have already issued instructions in this behalf and the S. C. M. C. and S. is allotting cars strictly in accordance with priority in booking.

LIBRARY ARCHIVES Kerala Legislative Assembly